ഡിജിറ്റൽ മാഗസിൻ

# സ്പെക്ട്രം

## ലിറ്റിൽ കൈറ്റ്സ് സംരംഭം

എസ്എൻ.ട്രസ്റ്റ്
എച്ച് .എസ്.എസ്
ചേളന്നൂർ

# എസ്.എൻ.ട്രസ്റ്റ്

## എച്ച് .എസ്.എസ് ചേളന്നൂർ

പ്രിൻസിപ്പൽ:

ശ്രീമതി.രശ്മി.ബി



ഹെഡ്മിസ്ട്രസ്:

ശ്രീമതി.സെയ്ദ.കെ

# സ്കൂളിനെക്കുറിച്ച്

"വിദ്യകൊണ്ട് പ്രബുദ്ധരാവുക"എന്ന് ഉദ്ഘോഷിച്ച ശ്രീനാരായണ ഗുരുവിന്റെ അനശ്വരനാമധേയത്തിന്റെ ചൈതന്യത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2003 ലാണ് പ്രവർത്തനം ആരംഭിച്ചത് .ചേളന്നൂർ ശ്രീനാരായണ കോളേജിന്റെ കെട്ടിടത്തിൽ എട്ടാം ക്ലാസ് 3 ഡിവിഷനുമായി പ്രവർത്തനം ആരംഭിച്ച സ്കൂളിൽ, തൊട്ടടുത്ത വർഷം - 2004 ൽ ഹയർ സെക്കൻഡറിയും ആരംഭിച്ചു . പാഠ്യ - പാഠ്യേതര രംഗങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സ്കൂളിൽ ഇന്ന് 13 ഹൈസ്കൂൾ ഡിവിഷനും ,8 ഹയർ സെക്കൻഡറി ബാച്ചുകളും ഉണ്ട് .മികച്ച വിശാലമായ ഗ്രൗണ്ട്, കമ്പ്യൂട്ടർ ലാബ്, സ്കൂൾ ലൈബ്രറി ,സമ്പൂർണ്ണ ഹൈടെക് സ്മാർട്ട് ക്ലാസ് റൂമുകൾ മുതലായ മികച്ച അടിസ്ഥാന സൗകര്യങ്ങളോടെ സ്കൂൾ വിജയകരമായി 20 വർഷം പൂർത്തിയാക്കിയിരിക്കുന്നു.

എസ് എൻ ട്രസ്റ്റ് സ്ഥാപനങ്ങളുടെ മാനേജർ ആരാധ്യനായ ശ്രീ വെള്ളാപ്പള്ളി നടേശൻ അവർകളാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉയർച്ചയിൽ സദാ ശ്രദ്ധാലു ആയ അദ്ദേഹം സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ എല്ലാ പിന്തുണയും മാർഗ്ഗ നിർദ്ദേശങ്ങളും നൽകുന്നു.




ഹയർസെക്കൻഡറി വിഭാഗം മേധാവി ബഹുമാന്യയായ ശ്രീമതി. രശ്മി ബി അവർകളാണ്. HSS വിഭാഗം പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, അക്കാദമിക വിജയത്തിനൊപ്പം മറ്റു പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി സ്കൂളിനെ ഉയർച്ചയിലേക്ക് നയിക്കുന്നു . HSവിഭാഗം മേധാവി ബഹുമാന്യനായ ശ്രീമതി. സെയ്ദ കെ അവർകളാണ് . പാഠ്യ- പാഠ്യേതര പ്രവർത്തനങ്ങൾക്ക് തുല്യപ്രാധാന്യം നൽകി സ്കൂളിന്റെ വിജയത്തിന്റെ ചുക്കാൻ പിടിക്കുന്നു.







സ്കൂൾ ഫുട്ബോൾ ടീമും ,വോളിബോൾ ടീമും ,കബഡി ടീമും ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വർഷമാണ് ഇത്. സബ്ജില്ലാ മത്സരത്തിൽ കരാട്ടെ യിൽ നമ്മുടെ ചുണക്കുട്ടികൾ ചാമ്പ്യന്മാരായി. ആൺകുട്ടികൾക്ക് മാത്രമല്ല പെൺകുട്ടികൾക്കും ഫുട്ബോൾ മത്സരങ്ങളിൽ മികവ് തെളിയിക്കാൻ ആകും എന്ന് നമ്മുടെ വനിതാ ഫുട്ബോൾ ടീം തെളിയിച്ചു .

ലഹരിമുക്ത നവ കേരള പദ്ധതി- വിമുക്തി- യുടെ ഭാഗമായി നടത്തിയ ജില്ലാതല ഫുട്ബോൾ മത്സരത്തിൽ നാം റണ്ണറപ്പ് ആയി . ജാഗ്രത സമിതിയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായി ഫുട്ബോൾ ടൂർണ്ണമെന്റ് , പ്രാദേശിക സംവാദ സദസ്സ് ,ദന്ത പരിശോധന ക്യാമ്പ് എന്നിവ നടത്തുകയും, ഷോർട്ട് ഫിലിം നിർമ്മിക്കുകയും ചെയ്തു .

കൂടാതെ റെഡ് ക്രോസ്, സ്കൗട്ട്, ഗൈഡ്സ് ,ലിറ്റിൽ കൈറ്റ്സ് ക്ലബ്ബുകളുടെ പ്രവർത്തനങ്ങളും പ്രശംസനാർഹമായ രീതിയിൽ നടന്നുവരുന്നു . കലാ മത്സരങ്ങളിലും നമ്മുടെ കുട്ടികൾ മികവ് തെളിയിച്ചു . ഒപ്പന, നാടകം എന്നിവയിലെയും മറ്റ് വ്യക്തിഗത ഇനങ്ങളിലെയും കുട്ടികളുടെ പ്രകടനം പ്രശംസനാർഹമായിരുന്നു.






# ആമുഖം

സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ നിറഞ്ഞ ലോകത്താണ് ഇന്നത്തെ പുതുതലമുറ വിഹരിക്കുന്നത്. പാഠപുസ്തകങ്ങൾക്ക് അപ്പുറത്തേക്കുള്ള വിശാലമായ ലോകത്ത് വിജ്ഞാനത്തിന്റെ പിൻബലത്തിൽ പുതുയുഗം സൃഷ്ടിക്കാൻ നമുക്ക് കഴിയും. "വൈവിധ്യമാർന്ന കഴിവുകളുള്ള ഓരോ വ്യക്തിയെയും നാളെയുടെ പ്രതീക്ഷാ നാളമാക്കുക "എന്ന വിദ്യാഭ്യാസ ലക്ഷ്യം അന്വർത്ഥമാക്കുന്നതിനുള്ള എളിയശ്രമം എന്ന നിലയിൽ, ചേളന്നൂർ എസ് എൻ ട്രസ്റ്റ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ '**സ്പെക്ട്രം**' നിങ്ങൾക്ക് മുൻപിൽ അഭിമാനത്തോടെ അവതരിപ്പിക്കുന്നു.

എഡിറ്റർ:

**അഭിനന്ദ് എ**



# ആശംസ



കേരള വിദ്യാഭ്യാസ വകുപ്പിന്റെ പ്രശംസനാർഹമായ ഒരു ചുവടുവെയ്പ്പാണ് ലിറ്റിൽകൈറ്റ്സ് - ഐടി ക്ലബ്. .ഇതിന്റെ ഭാഗമായി നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ ആണ് **സ്പെക്ട്രം**. ഈ സംരംഭത്തിന് വളരെ സന്തോഷത്തോടെ എല്ലാ വിജയാശംസകളും നേരുന്നു.

പ്രിൻസിപ്പൽ:
രശ്മി ബി

# ആശംസ



വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് പദ്ധതിയുടെ ഭാഗമായി നമ്മുടെ സ്കൂളിൽ നിന്നും '**സ്പെക്ട്രം**' എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം ഉണ്ട്. ഈ അവസരത്തിൽ അതിനു വേണ്ടി പ്രവർത്തിച്ച എല്ലാവരേയും അഭിനന്ദിക്കുകയും ഈ സംരംഭത്തിന് എല്ലാവിധ ഭാവുകങ്ങൾ നേരുകയും ചെയ്യുന്നു.

ഹെഡ്മിസ്ട്രസ്:
സെയ്ദ. കെ

# ഉള്ളടക്കം

1. മഹാത്മാ ഗാന്ധി (ലേഖനം) (9)

2.പൊൻ തൂവൽ (കവിത) (10)

3.മനുഷ്യാവകാശം (ലേഖനം) (11)

4.രചന (പൂവ്) (13)

5.രചന (pajero) (14)

6.സന്തോഷമുള്ള പക്ഷി (കഥ) (15)

7.അമ്മ (കവിത) (16)

8.History of Mathematics (ലേഖനം) (17)

9.പൂവ് (കവിത) (18)

10.ജീവിതത്തിന്റെ മൂല്യം (കഥ) (19)

11.രചന (22)

12.ജീവചരിത്രക്കുറിപ്പ് (23)

13.Smart Work v/s Hard Work (കഥ) (24)


14.പ്ലാസ്റ്റിക്കിന്റെ ഉപയോഗം കൊണ്ടുള്ള ദൂഷ്യഫലങ്ങൾ (26)

15.രചന (28)

16.Facts About The Biggest Extinct Creature (29)

# മഹാത്മാ ഗാന്ധി

മോഹൻദാസ് കരംചന്ദ് ഗാന്ധി അഥവാ മഹാത്മാ ഗാന്ധി (1869 ഒക്ടോബർ 2 - 1948 ജനുവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവ് എന്ന് ഗാന്ധിജിയെ വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായിരുന്നു. മഹത്തായ ആത്മാവ് എന്നർത്ഥം വരുന്ന മഹാത്മാ, അച്ഛൻ എന്നർത്ഥംവരുന്ന ബാപ്പു എന്നീ നാമവിശേഷണങ്ങൾ ജനഹൃദയങ്ങളിൽ അദ്ദേഹത്തിനുള്ള സാന്നിധ്യം വ്യക്തമാക്കുന്നു. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.



ലേഖനം:
ഷാലിൻ.ജി.എസ് 9 B

# പൊൻ തൂവൽ

എന്റെ ചിറകുകളിൽ വന്ന മഴവില്ല് .....
പ്രതീക്ഷയുടെ പൊൻ തൂവൽ പോലെ ......
അക്ഷരങ്ങൾ അറിവിന്റെ ചിറകായ്
ഉയരുമീ ഗുരു സന്നിധിയിൽ
തലമുറകളുടെ സ്നേഹവും കൂട്ടായ്മയും ,
ഊറ്റം കൊള്ളുമീ മൂല്യങ്ങളെ
മുറുകെ ചേർത്തടുപ്പിച്ച,

അറിവിന്റെ ചൈതന്യം
ലോകത്തിൽ നിറുകയിൽ
പൊൻതൂവലായ് ചാർത്തുമീ -
വിദ്യാലയം........

എന്റെയും നിന്റെയും
കാലത്തിന്റെ പഠിപ്പുരയല്ലോ!



മലയാളം അധ്യാപിക:
ഗീത.പി

# മനുഷ്യാവകാശം
(Human Rights)

മനുഷ്യന്റെ അവകാശങ്ങൾക്കായി ഒരു ദിനം എല്ലാ വർഷവും ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു. ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപന പ്രകാരമാണിത്. 1948 ഡിസംബർ 10 നാണ് ഈ ദിനം പ്രഖ്യാപിക്കപ്പെട്ടത്. 1950 ഡിസംബർ 4 എല്ലാ അംഗരാജ്യങ്ങളെയും വിളിച്ചുചേർത്ത് ഈ ദിനം ആഘോഷിക്കാൻ തീരുമാനമെടുത്തു. മനുഷ്യാവകാശ രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സർക്കാർ, സർക്കാരേതര സംഘടനകൾ ഈ ദിനത്തിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നു. അഞ്ചു വർഷം കൂടുംബോൾ നൽകുന്ന മനുഷ്യാവകാശം സംബന്ധിച്ചുള്ള അവാർഡും ഈ ദിനത്തിലാണ് നൽകുന്നത്

ഓരോ വ്യക്തിക്കും അന്തസ്സും സുരക്ഷയും ഉറപ്പാക്കി സമൂഹത്തിൽ ജീവിക്കാനുള്ള അവകാശമാണ് മനുഷ്യാവകാശം. സ്വകാര്യത, മതവിശ്വാസം, അഭിപ്രായപ്രകടനം എന്നിവക്കുള്ള സംരക്ഷണം, വീട്, ഭക്ഷണം, വസ്ത്രം എന്നിവയോടു കൂടിയ ജീവിതം നയിക്കാനുള്ള അവകാശം, വാർധക്യം, വൈധവ്യം, ശാരീരിക ബലഹീനതകൾ ഉൾപ്പെടെയുള്ള അവശത എന്നി അവസ്ഥയിൽ ലഭിക്കേണ്ട സംരക്ഷണം, നിയമത്തിനു മുന്നിൽ ഉള്ള സംരക്ഷണം, കുറ്റവാളി എന്ന് തെളിയിക്കപ്പെടും വരെ നിരപരാധിയായി പരിഗണിക്കപ്പെടാനുള്ള അവകാശം, അന്യായമായി തടങ്കലിൽ പാർപ്പിക്കില്ല എന്ന ഉറപ്പ് ഇവയെല്ലാം അന്താരാഷ്ട്രതലത്തിൽ തന്നെ മനുഷ്യാവകാശങ്ങളായി പരിഗണിക്കപ്പെട്ടിരിക്കുന്നു .

എല്ലാ മനുഷ്യരുടെയും അർഹതയായി കരുതപ്പെടുന്ന അടിസ്ഥാന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമാണ് മനുഷ്യവകാശം എന്നറിയപ്പെടുന്നത്. പൗരാവകാശം, രാഷ്ട്രീയ കാര്യങ്ങളിലുള്ള അവകാശം, സാമ്പത്തികാവകാശം, സാമൂഹികാവകാശം, സാംസ്കാരികാവകാശം ഇതെല്ലാം ഒത്തുചേരുന്നതാണ് മനുഷ്യാവകാശത്തിന്റെ നിർവചനം.



ഷക്കീബ് റഹ്മാൻ
10 A



ഗണിത അദ്ധ്യാപിക:



രശ്മി രാജ്






അനൻ കെ ജി
9A

# സന്തോഷമുള്ള പക്ഷി

മഹോദയപുരം എന്ന രാജ്യത്തെ രാജാവാണ് ഇന്ദ്രസേനൻ. ആളുകൾ തന്നെ പുകഴ്ത്തി സംസാരിക്കുന്നത് ഇന്ദ്രസേനന് വലിയ ഇഷ്ടമുള്ള കാര്യമാണ്. രാജാവിന്റെ ഈ സ്വഭാവം അറിയുന്നവർ എന്നും വന്ന് മുഖസ്തുതി പറഞ്ഞ് ഓരോ കാര്യം സാധിച്ചെടുക്കുന്നത് പതിവായിരുന്നു. ഒരിക്കൽ ഒരു സഞ്ചാരി രാജാവിന് ഒരു പഞ്ചവർണ്ണക്കിളിയെ കൊടുത്തു ആ നാട്ടിലൊന്നും കാണാത്ത ഒന്ന്. രാജാവ് സ്വർണ്ണം കൊണ്ട് ഒരു കൂട് പണിത് പഞ്ചവർണ്ണക്കിളിയെ അതിനകത്ത് അടച്ചു. കുടിക്കാൻ സ്വർണ്ണ പത്രത്തിൽ വെള്ളം, കഴിക്കാൻ സ്വർണ്ണ തളികയിൽ മധുരമുള്ള പഴങ്ങൾ. " നമ്മുടെ രാജ്യത്തെ ഏറ്റവും സന്തോഷിക്കുന്ന പക്ഷി ഈ പഞ്ചവർണ്ണതത്ത ആയിരിക്കും അല്ലേ" രാജാവ് സദസ്യരോടു ചോദിച്ചു" പ്രഭു നമ്മുടെ രാജ്യത്തെ ഏത് പക്ഷിക്കാണ് ഇങ്ങനെയൊരു ഭാഗ്യം കിട്ടുക" സദസ്സിലുള്ളവർ പറഞ്ഞു രാജഗുരു ഇതെല്ലാം ശ്രദ്ധിക്കുന്നുണ്ടായിരുന്നു. രാജഗുരു രാജകുമാരനെ മുന്നോട്ടു നിർത്തി ചോദിച്ചു" ഈ രാജ്യത്തെ ഏത് പക്ഷിയാണ് ഏറ്റവും സന്തോഷിക്കുന്നത് കുമാരി"? മുറ്റത്തെ കാക്കയാണ് ഈ പക്ഷിയെക്കാൾ സന്തോഷം. അതിനു എങ്ങോട്ട് വേണമെങ്കിലും പറക്കാമല്ലോ". രാജഗുരു പറഞ്ഞു" പ്രഭു അങ്ങ് എന്നും കേട്ടുകൊണ്ടിരിക്കുന്ന മുഖസ്തുതികളും ഈ സ്വർണ്ണ കൂടു പോലെയാണ്. ഭംഗിയുണ്ടെന്ന് തോന്നും പക്ഷേ യഥാർത്ഥ ജീവിതവും സ്വതന്ത്ര്യവും അനുഭവിക്കാൻ ആ കൂടിന്റെ പുറത്തേക്ക് വരണം. അന്നുമുതൽ രാജാവ് മുഖസ്തുതിക്കാരെ അകറ്റി നിർത്താൻ തുടങ്ങി.

നേഹ.പി
9 B

# അമ്മ

ഈ വാക്ക് തന്നതും അമ്മ
ഈ പാട്ട് തന്നതും അമ്മ
ഈ സ്നേഹം മധുരം വിളമ്പും
തൻ മനസ്സ് ഇടകനിയും
എൻ പൊൻ മക്കളെ
താലോലിക്കും
നല്ല കാര്യങ്ങൾ പറഞ്ഞു
പഠിപ്പിച്ചു
തെറ്റ് കണ്ടാൽ ശകാരിച്ച്
നല്ല ശീലങ്ങൾ പഠിപ്പിച്ച്
മാറിൽ ഉറക്കുന്ന അമ്മയെ
ഞാൻ ഇന്നു ഓർത്തിടുന്നു
ഞാൻ എന്നും ഓർത്തിടുന്നു.

ദേവനന്ദ.സി.പി
9B

# HISTORY OF MATHEMATICS

*Mathematics has played a significant role in the development of Indian culture for Millennia. Mathematics ideas that originated in the subcontinent have had a profound impact on the world.*

*In ancient time, mathematics was mainly used in an auxiliary or applied role. Thus, mathematics methods were used to solve problem in architecture and construction (as in the words of the Jain mathematics)and in the construction of vedic altars (as in the case of the Shulba Sutras of Baudhayana and his successors) by the sixth or fifth century BCE mathematics was being studied for its own sake,as well as for its application in other field of knowledge.*



Aliya PT
9 B

# പൂവ്

പൂവേ പൂവേ കൊഴിയല്ലേ .....
പൂത്തെന്നല്ലു വന്നു വിളിച്ചാൽ പോവല്ലേ....
പുതു മഴയിൽ ഇതളു പൊഴിക്കല്ലേ..
ഒരിതളും നീ പൊഴിക്കല്ലേ...
പൂവേ പൂവേ കൊഴിയല്ലേ ....
നിൻ നിറ പുഞ്ചിരി മായ്ക്കല്ലേ...
നിന്നെ കാണാനെന്നും കൊതിയാണേ...
എനിക്കും നിന്നെ കാണാനെന്നും കൊതിയാണേ...



ദേവനന്ദ.സി.പി
9B

# ജീവിതത്തിന്റെ മൂല്യം



ഒരു ഗ്രാമത്തിൽ ഒരു അച്ഛനും മകനും ഉണ്ടായിരുന്നു. അങ്ങനെയിരിക്കെ മകൻ അച്ഛനോട് ചോദിച്ചു അച്ഛാ എന്താണ് നമ്മുടെ ജീവിതത്തിന്റെ മൂല്യം?. അച്ഛൻ ഒന്ന് ആലോചിച് ഒരു കല്ലെടുത്തു മകന്റെ കയ്യിൽ കൊടുത്തു എന്നിട്ട് പറഞ്ഞു നിന്റെ ജീവിതത്തിന്റെ മൂല്യം അറിയണമെങ്കിൽ ഈ കല്ലുമായി നീ ചന്തയിൽ  പോവുക, ഈ കല്ലിന്റെ വില എത്രെയെന്ന് ആരെങ്കിലും ചോദിച്ചാൽ ഒന്നും മിണ്ടരുത് പകരം രണ്ട് വിരൽ ഉയർത്തി കാണിക്കുക. മകൻ അച്ഛൻ പറഞ്ഞതുപോലെ ചന്തയിലേക്ക് പോയി.

ചന്തയിലെ തിരക്കിനിടയിൽ വളരെ അതിശയത്തോടെ അവൻ ആ കല്ലുമായി നിന്നു. അപ്പോൾ ഒരു പ്രായമായ സ്ത്രീ അവന്റെ അടുത്തു വന്നു എന്നിട്ട് ചോദിച്ചു, "എത്രേയ ഈ കല്ലിന്റെ വില?",

അവൻ ഒന്നും മിണ്ടിയില്ല, പകരം അവൻ രണ്ട് വിരൽ ഉയർത്തി കാണിച്ചു. അപ്പോൾ ആ സ്ത്രീ ചോദിച്ചു "20 രൂപയോ! ഞാൻ എടുത്തു കൊള്ളാം". അവൻ അതിശയിച്ചു ഈ സാധാരണ കല്ലിന് 20 രൂപയോ,. അവൻ അവിടെനിന്ന് ഓടി അച്ഛന്റെ അടുത്തെത്തി എന്നിട്ട് പറഞ്ഞു "ചന്തയിൽ ഒരു പ്രായമായ സ്ത്രീ ഈ കല്ലിന് 20 രൂപ തരാമെന്നു പറഞ്ഞു" അപ്പോൾ അച്ഛൻ പറഞ്ഞു "മോനെ നീ ഈ കല്ലുകൊണ്ട് അടുത്തുള്ള മ്യൂസിയത്തിലേക്ക് പോകൂ, അവിടെയും ആരെങ്കിലും ഇതിന്റെ വില ചോദിച്ചാൽ ഒന്നും മിണ്ടരുത് പകരം രണ്ട് വിരൽ ഉയർത്തിക്കാണിക്കുക"
അവൻ ഉടൻ തന്നെ മ്യൂസിയത്തിലേക്ക് പോയി കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരാൾ അവന്റെ അടുത്തെത്തി, അയാൾ ചോദിച്ചു "എത്രേയ ഈ കല്ലിന്റെ വില?" അവൻ ഒന്നും മിണ്ടാതെ രണ്ട് വിരൽ ഉയർത്തിക്കാണിച്ചു. അയാൾ ചോദിച്ചു "രണ്ടായിരം രൂപയോ! എനിക്ക് തരൂ ഞാൻ വാങ്ങാം". അവൻ വീണ്ടും അതിശയപ്പെട്ടു ഓടി വീട്ടിലെത്തി, നടന്ന കാര്യങ്ങൾ എല്ലാം അച്ഛനോട് പറഞ്ഞു. അപ്പോൾ അച്ഛൻ ഒരു കാര്യം കൂടി പറഞ്ഞു "മോനെ, എനി നീ ഈ കല്ലുമായി വില കൂടിയ വജ്രങ്ങൾ വിൽക്കുന്ന കടയിലേക്ക് പോകൂ, അവിടെയും ആരെങ്കിലും ഇതിന്റെ വില ചോദിച്ചാൽ ഒന്നും മിണ്ടാതെ രണ്ട് വിരൽ ഉയർത്തി കാണിക്കുക. അവൻ വേഗം വജ്ര കടയിലേക്ക് പോയി.

അവിടെ ക്യാഷ് കൗണ്ടറിൽ ഇരുന്ന ഒരാൾ ചോദിച്ചു "മോനെ, നിനക്ക് ഈ കല്ല് എവിടെ നിന്ന് കിട്ടി? ഇത്രയും മനോഹരം ആയ കല്ല് ഞാൻ ഇതുവരെ കണ്ടിട്ടില്ല, ഈ കല്ലിന് എത്ര വില തരണം?" കുട്ടി ഒന്നും മിണ്ടാതെ രണ്ട് വിരൽ ഉയർത്തി കാണിച്ചു. അയാൾ ചോദിച്ചു "രണ്ട് ലക്ഷം രൂപയോ! ശരി ഞാൻ എടുത്തു കൊള്ളാം". അവൻ വീണ്ടും അച്ഛന്റെ അടുത്തേക്ക് ഓടി കാര്യം പറഞ്ഞു. അപ്പോൾ അച്ഛൻ പറഞ്ഞു " മോനെ, ഇപ്പോൾ മനസ്സിലായോ നമ്മുടെ ജീവിതത്തിന്റെ മൂല്യം എന്താണെന്ന്? ഈ കല്ല് പോലെയാണ് നമ്മുടെ ജീവിതവും, എവിടെയായിരിക്കുന്നു എന്നതനുസരിച്ചാണ് നമ്മുടെ ജീവിതത്തിന്റെ മൂല്യം നിശ്ചയിക്കപ്പെടുന്നത്".



ആകാശ്.വി
9B





കൃഷ്ണപ്രിയ
10 A





ഷാലിൻ.ജി.എസ്
9 B

# ജീവചരിത്രകുറിപ്പ്


(Dr. എ. പി. ജെ. അബ്ദുൽ കലാം)

തമിഴ്നാട് രമേശ്വരത്ത് ഒരു സാധാരണ മുസ്ലിം കുടുംബത്തിലെ ജൈനുലാബ്ദിന്റെയും അയിഷാമ്മയുടെയും ഇളയ മകനായി 1931 ഒക്ടോബർ 15 ന് ജനിച്ചു. ധനുഷ്കോടി രാമേശ്വരം യാത്രയ്ക്കുള്ള ബോട്ടുകൾ വാടകയ്ക്ക് കൊടുക്കുന്ന തൊഴിലായിരുന്നു അദ്ദേഹത്തിന്റെ അച്ഛന്. ഒരു ശരാശരി വിദ്യാർത്ഥി മാത്രമായിരുന്നു അദ്ദേഹം. പഠനത്തിന് വേണ്ടി മണിക്കൂറുകൾ ചിലവായിക്കാറുണ്ടായിരുന്നു. തിരുച്ചിറപള്ളി സെന്റ് ജോസഫ് കോളേജിൽ ഉപരിപഠനത്തിന് ചേർന്നു. ഭൗതിക ശാസ്ത്രത്തിൽ ബിരുദം നേടി. ബാല്യത്തിൽ ന്യൂസ്പേപ്പർ ബോയ് ആയി ജോലി നോക്കിയിരുന്നു. അവുൽപക്കീർ ജൈനുലാബ്ദിൻ  അബ്ദുൽ കലാം എന്നായിരുന്നു മുഴുവൻ പേര്. പ്രശസ്തനായ മിസൈൽ സാങ്കേധിക വിദ്യ വിദഗ്ധനും എഞ്ചിനീയറും ആയിരുന്നു എ. പി. ജെ. ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം(RRDO), ബഹിരാകാശ ഗവേഷണ കേന്ദ്രം (ISRO) തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളിൽ ഉന്നത സ്ഥാനങ്ങൾ വഹിച്ചിരുന്നു. തന്റെ ജനകീയ നയങ്ങളിൽ ജനങ്ങളുടെ രാഷ്ട്രപതി എന്ന പേരിൽ പ്രശസ്തനായി. 2002-2007 കാലയളവിനുള്ളിലാണ് ഇന്ത്യയുടെ 11-ാം രാഷ്ട്രപതി ആയി അദ്ദേഹം സ്ഥാനത്തിരുന്നത്. 2007 ജൂലൈ 25 ന് ആണ് സ്ഥാനം ഒഴിഞ്ഞത്. ശേഷം അധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം, എന്നിവ തുടങ്ങി.2015 ജൂലൈ 27 ന് 84ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു.



സന ഷിറിൻ 9B

# SMART WORK V/S HARD WORK




Once two men had a heated argument with each other. Who could cut more firewood from morning till four in the afternoon? They decided to find out. The next morning the two men started their work. At first, they worked at the same speed. But in an hour one of them found that the other had stopped cutting. Realising that this was his chance, the first man started to cut wood with double effort. Ten minutes passes and he heard the second man working again. They were working almost synchronously. Then the first man found that his opponent had stopped again. The first man started to work ,sensing the smell off victory.

Lasted all day long,
every hour one of them stopped for ten times and the other continued to work. When the time expired. The first man who without stopping was absolutely sure that he would win the prize. But he was surprised to know that he was mistaken.'How did that happen'? He asked his partner.'Every hour i found that you stopped work for ten minutes'.'How would you cut more firewood than me'? 'It's impossible'! 'It's very simple'. Answered the second man,'Every hour I stopped the work for ten minutes and when you were cutting, I was sharpening my axe'.



Jithin Anilkumar E
9B



# പ്ലാസ്റ്റിക്കിന്റെ ഉപയോഗം കൊണ്ടുള്ള ദൂഷ്യഫലങ്ങൾ

മനുഷ്യന്റെ ജീവിതത്തിലുണ്ടായ മാറ്റവും ജനപ്പെരുപ്പവുമെല്ലാം ഭൂമിയെ വലിയൊരു മാലിന്യക്കൂമ്പാരമാക്കി കൊണ്ടിരിക്കുകയാണ്. ഉപയോഗിച്ചതിനു ശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് കുപ്പികളും മറ്റുമാണ് റോഡിലെങ്ങും. പരിസര മലിനീകരണത്തിൽ ഏറ്റവും അപകടമായിട്ടുള്ള  ഇത്തരം പ്ലാസ്റ്റിക്ക് മാലിന്യങ്ങളാണ്. കാരണം പ്ലാസ്റ്റിക്കിൽ അടങ്ങിയിട്ടുള്ള വിഷവസ്തുക്കൾ ജലത്തെയും മണ്ണിനെയും വായുവിനേയും ഒരു പോലെ മലിനമാക്കുന്നുണ്ട്

ഏതെങ്കിലും ഒരു പ്രദേശത്ത് പ്ലാസ്റ്റിക് കെട്ടി കിടക്കുകയും അത് പരിസ്ഥിതിയുടെ സ്വാഭാവികതയ്ക്ക് ഭംഗം വരുത്തുകയോ മനുഷ്യനു മറ്റു ജന്തുകൾക്കും സസ്യങ്ങൾക്കും ദോഷകരമാവുകയോ ചെയ്യുന്നതിനെയാണ് പ്ലാസ്റ്റിക്ക് മലിനീകരണം എന്നു പറയുന്നത്. മണ്ണ്, മരം, ലോഹം എന്നീ പ്രകൃതിദത്ത നിർമ്മാണ വസ്തുക്കളുടെ പട്ടികയിൽ മനുഷ്യൻ കൂട്ടി ചേർത്ത ഇനമാണ് പ്ലാസ്റ്റിക്. മറ്റ് പദാർത്ഥങ്ങളെ അപേക്ഷിച്ച് കൂടുതൽ ഈടുനിൽക്കുന്നതും സൂക്ഷ്മജീവികളുടെ പ്രവർത്തനം വഴി വിഘടിക്കാത്തതുമായതിനാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വളരെ വലിയ പരിസ്ഥിതി പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്.


എവിടെ നോക്കിയാലും പ്ലാസ്റ്റിക് കാണുവാൻ കഴിയും. കുടിവെള്ളത്തിന്റെ ഒഴിഞ്ഞ ബോട്ടിലുകൾ, ഫാസ്റ്റ് ഫുഡിന്റെ കവറുകൾ, ഉപയോഗശൂന്യമായ പേനകൾ തുടങ്ങിയ നിരവധി വസ്തുക്കൾ നാം പ്രകൃതിയിലേക്ക് വലിച്ചെറിയുന്നു.

അലിഞ്ഞു ചേരാത്ത പ്ലാസ്റ്റിക് മണ്ണിലെ നീരൊഴുക്കിനെയും വായുസഞ്ചാരത്തെയും തടസ്സപ്പെടുത്തും ഭാഗികമായെങ്കിലും മണ്ണിലേക്ക് ചേരുന്ന രാസവസ്തുക്കൾ മണ്ണും ജലവും മലിനമാക്കും. ലോകത്തെല്ലായിടത്തും ലഭ്യമാകുന്നതുകൊണ്ടും വില കുറവായതുകൊണ്ടുമാണ് പ്ലാസ്റ്റിക് ഉപയോഗം കൂടുതലാകാൻ കാരണം. പ്ലാസ്റ്റിക് കത്തിക്കുന്നത് അപകടകരമാണ്. പ്ലാസ്റ്റിക് കത്തുമ്പോൾ സ്വതന്ത്ര്യമാകുന്ന വാതകങ്ങൾ വായു മലിനീകരണത്തിനും കാരണമാകും. കടലിലുള്ള പ്ലാസ്റ്റിക് നിക്ഷേപം കടൽ ജലത്തെയും വൻതോതിൽ മലിനമാക്കുന്നു. ഈ അടുത്ത് നാം നേരിട്ട പ്രളയകെടുതികൾക്കൊടുവിൽ വെള്ളം താഴ്ന്നിറങ്ങിയപ്പോൾ കണ്ട കാഴ്ച മരത്തിൻ്റെ മുകളിലും, റോഡിലും മറ്റും പ്ലാസ്റ്റിക് കുപ്പികളും, കവറുകളും നിറഞ്ഞു നിൽക്കുന്നതാണ്. നാം പ്രകൃതിയിലേക്ക് വലിച്ചെറിഞ്ഞ വസ്തുക്കൾ എല്ലാം തന്നെ പ്രകൃതി തിരിച്ചു തന്നു എന്നു വേണം ഇതിൽ നിന്നും മനസ്സിലാക്കാൻ.

പ്ലാസ്റ്റിക് ഒഴിവാക്കുന്നതിനു നാം തുണി സഞ്ചികളും പേപ്പർ ബോഗുകളും ശീലമാക്കേണ്ടതുണ്ട്. മൊബൈൽ ഫോൺ കൂടെ കൊണ്ടുനടക്കുന്നതു പോലെ മാർക്കറ്റിൽ സാധനം വാങ്ങുവാൻ പോകുമ്പോൾ ഒരു തുണി സഞ്ചികൂടെ കയ്യിൽ കരുതിക്കൂടെ? യാത്ര പോകുമ്പോൾ കുടിക്കാനുള്ള വെള്ളം കയ്യിൽ കരുതുക. അല്ലാത്ത പക്ഷം ഒരു ട്രെയിൻ ബസ് യാത്രയോ ലക്ഷക്കണക്കിനു കുപ്പികളാണ് പ്രകൃതിയ്ക്ക് സമ്മാനിക്കുന്നത്.



ഘനശ്യാം
10 A





# FACT'S ABOUT THE BIGGEST EXTINCT CREATURE

The Triassic is a geographic period which spans 50.5 million years from the end of the Permian Period 251.902 million years ago (Mya), to the beginning of the Jurassic Period 201.4 Mya. The Triassic is the first and shortest period of the Mesozoic Era. Both the start and end of the period are marked by major extinction.

Dinosaurs are a diverse group of reptiles of the clade Dinosauria. Dinosaurs began roaming the Earth during the Triassic period 230 million according to the United States Geological Survey. Dinosaurs lived all over Pangea, the original massive landforms of the world, and eventually spread apart as the continents began to separate.

Various dinosaur species have been featured across popular media, From “Jurassic Park” to "The Land Before Time."According to the American Museum of Natural History, scientists have been able to discover over 700 species of dinosaurs . With so many species of dinosaurs discovered, On 20 February 1824, during a meeting of the Geological Society of London, palaeontologist William Buckland formally introduced Megalosaurus.Megalosaurus was the first dinosaur to be described by scientists. But it would be another 18 years before Richard Owen coined the word dinosaur.

Argentinosaurus was one of the largest land animals to ever live on Earth. This titanosaurus sauropod lived approximately 95-93 million years ago in what is now Argentina during the Late Cretaceous period.

Known from little more than a peculiar skull, and described early in 2020, Oculudentavis khaungraae was presented as a hummingbird-sized toothed bird —an avian dinosaur that fluttered around prehistoric Myanmar about 100 million years ago.

Giganotosaurus was one of the largest known terrestrial carnivores, but the exact size has been hard to determine due to the incompleteness of the remains found so far. Some researchers have found the animal to be larger than Tyrannasaurus, which has historically been considered the largest theropod.



Velocirapter is a genus of small dromaeosaurid Dinosaurs that lived in Asia during the Late Cretaceous epoch, about 75 million to 71 . Two species are currently recognized, although others have been assigned in the past. The type species is V. mongoliensis, named and described in 1924.



Abhinand A
9 A

# EDITORIAL BOARD

## EDITOR



Abhinand A
9 A

## PAGE DESIGNER



Vyshnav Sivadas
9 A

## PAGE DESIGNER



Anan K G
9 A

## MEMBERS



Devananda M P
9B



Shalin G S
9B



Sreya raj
9B



Sriya T V
9A



Gokul
9D



JahanaParveen
9A

സ്പെക്ട്രം  എന്ന ഡിജിറ്റൽ മാഗസിന്റെ പണിപ്പുരയിൽ മാർഗനിർദേശങ്ങൾ തന്ന് ഞങ്ങളെ സഹായിച്ച അധ്യാപകരായ ശ്രീമതി. പരിമളടീച്ചറിനും, ശ്രീമതി രാജഗീത ടീച്ചറിനും, മാസ്റ്റർ ട്രെയിനർ ശ്രീ. രാജേഷ് സാറിനും ഞങ്ങളുടെ അകമഴിഞ്ഞ നന്ദിയും കടപ്പാടും അറിയിക്കുന്നു. കൂടാതെ, ഈ മാഗസിൻ  സമ്പുഷ്ടമാക്കുന്നതിന് വൈവിദ്ധ്യമാർന്ന സർഗ്ഗസൃഷ്ടികൾ തയ്യാറാക്കി തന്ന ഞങ്ങളുടെ ഓരോ കൂട്ടുകാർക്കും നന്ദിയുടെ പൂച്ചെണ്ടുകൾ  അർപ്പിക്കുന്നു

# നന്ദി

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs